പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 99

20.01.2014 ലെ മറുപടിയ്

## അധ്യാപക - വിദ്യാർത്ഥി അനുപാതം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>,, വി. ശ്രീരാമകൃഷ്ണൻ<br>,, ജെയിംസ് മാത്യു<br>,, വി. ചെന്താമരാക്ഷൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | ഹൈസ്കൂൾ തലം വരെ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം സംബന്ധിച്ച സർക്കാരിന്റെ നയം എന്താണ് ; ഇത് അനുപാതം സംബന്ധിച്ച ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണോ; സർക്കാർ, എയ്ഡഡ് എന്ന വ്യത്യാസമില്ലാതെ എല്ലായിടത്തും ഒരു പോലെ ബാധകമായ ഒരു സമീപനമാണോ; വ്യക്തമാക്കുമോ; | (എ) | സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിശ്ചയിക്കുന്നത് കെ.ഇ.ആർ ചട്ടങ്ങളുടെയും കേന്ദ്രവിദ്യാഭ്യാസ അവകാശനിയമത്തിന്റെയും അടിസ്ഥാനത്തിലാണ്. |
| (ബി) | സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കിയിട്ടുണ്ടോ; നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണോ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശനിയമം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായാണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുള്ളത് |
| (സി) | സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഈ അനുപാതം എത്രയാണ് ; | (സി) | സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ക്ലാസ്സ് ഡിവിഷനുകളെ അടിസ്ഥാനപ്പെടുത്തി 1:45 ആണ്. വിദ്യാഭ്യാസ അവകാശനിയമത്തിൽ |

| | | | |
|---|---|---|---|
| | | | സ്കൂളടിസ്ഥാനത്തിലാണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിരിക്കുന്നത്. അതു പ്രകാരം ഒന്നുമുതൽ അഞ്ചു വരെയുള്ള എൽ.പി. സ്കൂളുകളിൽ 1:30 ഉം ആറുമുതൽ എട്ടുവരെയുള്ള യു.പി.സ്കൂളുകളിൽ 1:35 ഉം ആണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം |
| (ഡി) | ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപക തസ്തികാ നിർണ്ണയം നടത്തുകയുണ്ടായോ; സർക്കാർ, എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തികാനിർണ്ണയത്തിന് ഒരേ അനുപാതം തന്നെയാണോ സ്വീകരിച്ചത്; വ്യത്യസ്ത അനുപാതമാണ് സ്വീകരിച്ചതെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 29.11.2013 ലെ ജി.ഒ(പി) 313/13/പൊവിവ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസരിച്ച് 11.12.2013 നു മുമ്പായി തസ്തിക നിർണ്ണയം നടത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത (ഡബ്ല്യു.പി(സി) 30107/13) എന്ന കേസിന്റെ ഇടക്കാല വിധിയനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിന് കോടതി താല്ക്കാലിക വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. സർക്കാർ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ |

| | | | |
|---|---|---|---|
| | | | നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ ഇപ്രകാരം നിലനിർത്താൻ നിർദ്ദേശിച്ചിട്ടില്ല. വിവിധ മാനേജ്മെന്റുകളുടെ കീഴിൽ അധികമായി വരുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുമെന്നതിനാലുമാണ് അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്നത് എയ്ഡഡ് സ്കൂളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയത്. സർക്കാർ സ്കൂളുകളിലും ഇത്തരത്തിൽ അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾ തല അനുപാതം (യു.പി. യിൽ 1:35 ഉം എൽ.പി. യിൽ 1:30 ഉം) തന്നെയാണ് ബാധകം. |
| (ഇ) | വ്യത്യസ്ത അനുപാതം സ്വീകരിച്ചതിന്റെ ഫലമായി സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ തസ്തിക | (ഇ) | 2013-14 ലെ തസ്തിക നിർണ്ണയത്തിനുള്ള നടപടികൾ ബഹു: ഹൈക്കോടതി സ്റ്റേ |

| | | | |
|---|---|---|---|
| | നഷ്ടപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സർക്കാർ സ്കൂൾ അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടോ; എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ വിശദമാക്കാമോ; | | ചെയ്തിരിക്കുന്നതിനാൽ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല |
| (എഫ്) | സർക്കാരിന്റെ ഈ നയം മൂലം സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥയിൽ സാരമായ അന്തരം ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എഫ്) | സർക്കാർ സ്കൂളുകളിലും അധികമായി വരുന്ന അദ്ധ്യാപകരെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30/1:35 ആയി കുറച്ചുകൊണ്ട് നിലനിർത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ജി) | അദ്ധ്യാപക – വിദ്യാർത്ഥി അനുപാതത്തിലുള്ള അപാകതകൾ മൂലം സർക്കാർ വിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക നിയമനത്തിന് സാദ്ധ്യതയില്ലാതാകുന്നതിനും പൊതു വിദ്യാഭ്യാസത്തിന്റെ മേന്മ കുറയുന്നതിനുംഇടയാകും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | (ജി) | കോടതിയുടെ വിലക്കുമൂലം 2013-14 ലെ അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടില്ല. ആയത് പൂർത്തിയായാൽ മാത്രമേ പുതിയ തസ്തികകളുടെ സാദ്ധ്യത സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ